**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2246** **05-02-2026 - ൽ മറുപടിയ്ക്ക്**

**വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് സ്മാരക ആയുഷ് ആശുപത്രി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ചാലക്കുടി മണ്ഡലത്തിലെ പത്മഭൂഷൺ വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് സ്മാരക ആയുഷ് ആശുപത്രി കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | ചാലക്കുടി മണ്ഡലത്തിൽ നാഷണൽ ആയുഷ് മിഷൻ മുഖേന 50 കിടക്കകളുള്ള ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രിയുടെ നിർമ്മാണം നടന്നു വരുന്നു. ആയതിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. രണ്ടാം ഘട്ടത്തിലുള്ള നിർമ്മാണ പ്രവൃത്തിയുടെ Project Management Consultancy (PMC) ആയി Kerala State Construction Corporation -നെ തെരഞ്ഞെടുത്തിട്ടുണ്ട്. Detailed Project Report (DPR) തയ്യാറാക്കി, Tender നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയിലെ തസ്തികകളുടെ വിശദവിവരം തരം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തിനായി സ്ഥിരം തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. നാഷണൽ ആയുഷ് മിഷന്റെ ഗൈഡ് ലൈൻ പ്രകാരം, ഒരു സൂപ്രണ്ട്, മൂന്ന് സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർമാർ എന്നിങ്ങനെ ആകെ 4 റഗുലർ തസ്തികകളാണ് നിഷ്കർഷിച്ചിട്ടുള്ളത്. കൂടാതെ നാഷണൽ ആയുഷ് മിഷന്റെ ഗൈഡ് ലൈൻ പ്രകാരം അനുവദനീയമായ കരാർ തസ്തികകളുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. ആവശ്യമായ റഗുലർ തസ്തികകളിലേയ്ക്ക് നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പുനർവിന്യാസം വഴിയോ പുതിയ തസ്തിക സൃഷ്ടിക്കുന്നതു വഴിയോ തസ്തികകൾ തീരുമാനിക്കുന്നത് സർക്കാർ പരിശോധിക്കും. |
| (സി) | പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തിനായി സംസ്ഥാന സർക്കാർ പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളാണെന്നും ഇല്ലെങ്കിൽ ഇതിനായുള്ള നടപടികളുടെ പുരോഗതിയും വെളിപ്പെടുത്തുമോ; | (സി) | ഉത്തരം (ബി) യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ഡി) | പ്രസ്തുത ആശുപത്രിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായതിനാൽ 2026 ഫെബ്രുവരി അവസാനത്തോടെ ഒ.പി തല സേവനങ്ങൾ/ പ്രവർത്തനങ്ങൾ ആരംഭിക്കാൻ |

| | | | |
|---|---|---|---|
| | | | സാധിക്കുന്ന രീതിയിലേക്ക്, പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## Annexure (1)

## Details of manpower required for 50 Bedded Integrated AYUSH Hospital as per NAM Guidelines

| Sl No | Name of Post | No. of Post |
|---|---|---|
| 1 | Medical Superintendent | 1 |
| 2 | SMO(Specialist for Panchakarma/Ksharasutra/Homoeopathy /Ilaj-bid Tadabir/Thokkanam | 3 |
| 3 | Medical Officer | 6 (3+3) |
| 4 | Resident Medical Officer | 1 |
| 5 | Accounts Officer | 1 |
| 6 | Assistant Matron | 1 |
| 7 | Nursing Staff | 12 (6+6) |
| 8 | Panchkarma Technician | 2 (1+1) (M/F) |
| 9 | Yoga Instructor | 1 |
| 10 | Pharmacist/Dispenser | 3 (1+2) |
| 11 | Laboratory Technician | 2 |
| 12 | Store Keeper/Clerk | 2 |
| 13 | Registration Clerk | 1 |
| 14 | Chowkidar | 3 |
| 15 | Wardboys / Aayah | 8 |
| 16 | Cook | 2 |
| 17 | Peon | 4 |
| 18 | Dresser | 2 |
| 19 | Masseur | 4(2+2) |
| 20 | Sweeper | 6 |
| 21 | Midwife | 4 |

22. Following specialists services may be utilized on call:

Name of the posts

1. Anaesthetist -1
2. Radiologist -1
3. Pathologist -1
4. Ophthalmologist-1
5. General Surgeon -1
6. Gynaecologist -1
7. Paediatrician - 1

***Note:***

***Posts 1 and 2 should be regular to be employed by the State Government.***

***Posts No. 3 to 13 may be contractual staff on consolidated salary.***

***Posts No. 14 to 22 staff may be outsourced.***

***The proposed manpower for Integrated Ayush Hospital shall be based on the services being provided in the hospital.***